# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *69

30/06/2015-ൽ മറുപടിക്ക്

## പകർച്ചവ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും

ചോദ്യം

ശ്രീ.ബി.സത്യൻ
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.സി.രവീന്ദ്രനാഥ്
ശ്രീ.സി.കെ സദാശിവൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) ഈ വർഷം മെയ് പകുതി വരെ ഒമ്പതര ലക്ഷത്തോളം പേർക്ക് പനിയും മറ്റു പകർച്ചവ്യാധികളും ബാധിച്ചെന്ന ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നിയന്ത്രണ, പ്രതിരോധ മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ;

എ) മുൻ വർഷങ്ങളിൽ ഓരോ ജില്ലകളിലും ഉണ്ടായ രോഗങ്ങളെയും രോഗം വരാൻ കാരണമായ സാഹചര്യങ്ങളേയും അടിസ്ഥാനപ്പെടുത്തി ഈ വർഷം പകർച്ചവ്യാധികളെ പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനുമുള്ള കർമ്മ പദ്ധതി തയ്യാറാക്കി ബഹു. മുഖ്യമന്ത്രിയുടേയും ബഹു. ആരോഗ്യ മന്ത്രിയുടേയും നേതൃത്വത്തിൽ മറ്റ് മന്ത്രിമാർ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് സെക്രട്ടറിമാർ തുടങ്ങിയവരുടെ യോഗങ്ങൾ വിളിച്ചു കൂട്ടി ഈ വർഷത്തെ കർമ്മ പരിപാടികൾക്ക് അന്തിമ രൂപം നൽകി. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ നടന്നു വരുന്നു. ജനപ്രതിനിധികളുടേയും ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടേയും മേൽനോട്ടത്തിലും അവലോകനത്തിലുമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ജനുവരി മുതൽ ഏപ്രിൽ വരെ വിവിധ തലങ്ങളിൽ യോഗങ്ങൾ, പരിശീലനങ്ങൾ, അവശ്യ വസ്തുക്കളുടേയും ഉപകരണങ്ങളുടേയും സമാഹരണം തുടങ്ങിയവ നടത്തി. ഫെബ്രുവരി, ഏപ്രിൽ, മെയ് മാസങ്ങളിൽ സേഫ് കേരള കാമ്പെയിൻ ഉൾപ്പെടെയുള്ള പകർച്ച വ്യാധി പ്രതിരോധ

കാമ്പെയിനുകൾ നടത്തി. മഴക്കാല പൂർവ്വ ശുചീകരണവും നടന്നുവരുന്നു. കൂടാതെ രോഗം എവിടെയെങ്കിലും പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മ സേന ഇടപെട്ട് നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നു.

ബി) ശുചീകരണ പ്രവർത്തനത്തിലുണ്ടായ അനാസ്ഥയാണ് പകർച്ചവ്യാധികൾ വ്യാപിക്കാൻ കാരണമായതെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ ;

ബി) മാലിന്യ നിർമ്മാർജനം, കൊതുകുകളുടെ ഉറവിടം ആകാൻ സാധ്യതയുള്ള ദ്രവിക്കാത്ത മാലിന്യങ്ങളുടെ നിർമ്മാർജ്ജനം, കുടിവെള്ളം അണുവിമുക്തമാക്കൽ തുടങ്ങിയ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, ആരോഗ്യ വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയവയുടെ യോജിച്ചുള്ള പ്രവർത്തനം വഴി നടപ്പിലാക്കി വരുന്നു. കൂടാതെ പകർച്ചവ്യാധി പ്രതിരോധ ക്യാമ്പെയിനുകളും നടപ്പിലാക്കുന്നുണ്ട്. എന്നിരുന്നാലും വേനലിൽ പെയ്ത മഴയും ജനങ്ങളുടെ ജീവിതശൈലി ഉൾപ്പെടെയുള്ള ഘടകങ്ങളും പകർച്ചവ്യാധി പ്രതിരോധം ദുഷ്കരമാക്കുന്നു.

സി) മഴക്കാല പൂർവ്വ ശുചീകരണത്തിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ ആവശ്യാനുസരണം മരുന്നു ലഭ്യമാക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ആരോഗ്യ വകുപ്പ് തുടങ്ങിയവ പ്രത്യേകം പ്രത്യേകമായും സംയുക്തമായും മഴക്കാല പൂർവ്വ ശുചീകരണം നടപ്പിലാക്കി വരുന്നു. മറ്റ് വകുപ്പുകളും സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും, കുടുംബശ്രീ, അംഗൻവാടി, ആശാ പ്രവർത്തകരും, വാർഡ് തല ആരോഗ്യ ശുചിത്വ സമിതികളും ശുചീകരണ പ്രവർത്തനം ചെയ്തു വരുന്നുണ്ട്.

മഴക്കാലവുമായി ബന്ധപ്പെട്ട പകർച്ച വ്യാധികൾ നേരിടുന്നതിനുള്ള മരുന്നുകൾക്ക് മാർച്ച് മാസത്തോടുകൂടിത്തന്നെ കേരള

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിവിധ കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകുകയും മരുന്നുകളുടെ ലഭ്യത എല്ലാ സർക്കാർ ആശുപത്രികളിലും ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ